# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 27. 26.09.2011 ൽ മറുപടിയ്ക്ക്**

## <u>മാറാട് കലാപങ്ങളുമായി ബന്ധപ്പെട്ട ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| **ശ്രീ. കെ. ദാസൻ**<br>**ശ്രീ. എളമരം കരീം**<br>**ശ്രീ. വി. ചെന്താമരാക്ഷൻ**<br>**ശ്രീ. ജെയിംസ് മാത്യു** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) മാറാട് കലാപങ്ങളുമായി ബന്ധപ്പെട്ട ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ; | (എ) മാറാട് കലാപവുമായി ബന്ധപ്പെട്ട ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് 20-02-2006-ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഈ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട തുടർ നടപടികൾ എന്തെല്ലാമായിരുന്നു; | (ബി) ശ്രീ. ജസ്റ്റിസ് തോമസ് പി. ജോസഫ് കമ്മീഷൻ ശുപാർശ പ്രകാരം 02-05-2003 ലെ മാറാട് സംഭവത്തിലുണ്ടായിട്ടുള്ള ബാഹ്യശക്തികൾ ഉൾപ്പെട്ട വലിയ ഗൂഢാലോചന, സ്ഫോടക വസ്തുക്കളുടെ ഉറവിടം, വലിയ അളവിലുള്ള ആയുധ ശേഖരം, ഈ സംഭവം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് വിനിയോഗിച്ച പണത്തിന്റെ ഉറവിടം എന്നിവ സംബന്ധിച്ച് അന്വേഷണം നടത്തുവാൻ സി.ബി.ഐ. യെ ചുമതലപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ച സാഹചര്യത്തിലും, മാറാട് കൂട്ടക്കൊലയ്ക്ക് പിന്നിലുള്ള വലിയ ഗൂഢാലോചന പുറത്തുകൊണ്ടുവരേണ്ടത് അത്യാവശ്യമായതിനാലും ഇത് സംബന്ധിച്ച അന്വേഷണം ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചു. എ.ഡി.ജി.പി. ക്രൈംസിന്റെ മേൽനോട്ടത്തിൽ ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ട് ശ്രീ. സി. എം. പ്രദീപ് കുമാറിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തി വരുന്നു. |

(സി) ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടു കൊണ്ട് മുൻ മന്ത്രിസഭ എടുത്ത തീരുമാനം നടപ്പാകാതെ പോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) സി.ബി.ഐ അന്വേഷണം നടത്തണമെന്ന് സംസ്ഥാന സർക്കാർ നിരവധി തവണ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും കേന്ദ്രസർക്കാർ പ്രസ്തുത ആവശ്യം തുടർച്ചയായി നിരസിച്ചതിനാലാണ് മുൻ മന്ത്രിസഭ എടുത്ത തീരുമാനം നടപ്പിലാവാതെ പോയത്.

(ഡി) കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) സി.ബി.ഐ അന്വേഷണം വേണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ തുടർച്ചയായി നിരസിച്ച സാഹചര്യത്തിൽ മാറാട് കൂട്ടക്കൊലയ്ക്കു പിന്നിലുള്ള ഗൂഢാലോചന പുറത്തുകൊണ്ടുവരുന്നതിന് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഇനി സി.ബി.ഐ അന്വേഷണം ആവശ്യപ്പെടുന്നതിന് ഉദ്ദേശിക്കുന്നില്ല.

സെക്ഷൻ ഓഫീസർ